**കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ എഞ്ചിനീയറിംഗ് കോളേജ്**

135 (502) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം മുട്ടത്തറയിൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) എഞ്ചിനീയറിംഗ് കോളേജ് തുടങ്ങാൻ തീരുമാനിച്ചത് എന്നാണെന്നും ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി എത്ര തുക അനുവദിച്ചുവെന്നും പ്രസ്തുത തുക വിനിയോഗിച്ചു നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ?

ഉത്തരം

25-4-2012-ൽ കൂടിയ കേപ്പിന്റെ 125-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗമാണ് കേപ്പിന്റെ ആഭിമുഖ്യത്തിൽ മുട്ടത്തറയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് തുടങ്ങുന്നതിന് തീരുമാനിച്ചത്. ഇതിന്റെ പ്രാരംഭ പ്രവർത്തനത്തിനായി 3.50 കോടി രൂപ സർക്കാരിൽനിന്നും ധനസഹായമായി നൽകിയിരുന്നു.

ഇതിനകം കോളേജിന്റെ നിർമ്മാണത്തിന് 7,09,89,761 രൂപ ചെലവായിട്ടുണ്ട്. സർക്കാർ ധനസഹായവും കേപ്പിന്റെ ഫണ്ടും ഉപയോഗിച്ചുകൊണ്ട് കെട്ടിട നിർമ്മാണം തീർക്കാനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

**കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്**

136(503) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരള സംസ്ഥാന സഹകരണ വികസന ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള സഹകരണ സംഘങ്ങൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, ഇനിയും അംഗങ്ങളായിട്ടില്ലാത്ത സംഘങ്ങൾ എന്നിവ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ക്ഷേമനിധിയിൽ നിലവിൽ എന്ത് തുകയുണ്ട് ;

(സി) ക്ഷേമനിധിയിൽ നിന്ന് ഇതിനകം മൊത്തം എത്ര തുക ബാധ്യത ഒഴിവാക്കുന്നതിലേക്ക് ചെലവഴിക്കുകയുണ്ടായി ;

(ഡി) ക്ഷേമനിധി ബോർഡ് ആരംഭിച്ച വർഷം മുതൽ ഇതുവരെയുള്ള പ്രവർത്തന ചെലവ് വർഷം തിരിച്ച് വിശദമാക്കാമോ ;

(ഇ) എവിടെയെല്ലാം ക്ഷേമനിധി ബോർഡിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്നു ; അവയ്ക്കായി സ്വകാര്യ കെട്ടിടങ്ങൾ എടുത്തിട്ടുണ്ടെങ്കിൽ വാടക, മെയിന്റനൻസ്, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ തുടങ്ങിയവയ്ക്ക് ചെലവായ തുക എത്ര;

(എഫ്) നിലവിൽ ബോർഡിൽ എത്ര സ്റ്റാഫ് അംഗങ്ങളുണ്ട് ; താത്കാലിക ജീവനക്കാർ എത്ര ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ 3887 വായ്പാ സഹകരണ സംഘങ്ങളും, ക്ഷേമവികസന പദ്ധതിയിൽ 2540 സഹകരണ സംഘങ്ങളും അംഗങ്ങളായിട്ടുണ്ട്. 31-3-2015-ൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 11273 സംഘങ്ങളും ടി സംഘങ്ങൾ ഒഴികെ മറ്റ് സംഘങ്ങൾ അംഗങ്ങൾ ആയിട്ടില്ല.

(ബി) നിലവിൽ കേരള സഹകരണ ക്ഷേമ വികസന നിധിയിൽ 14,72,97,103 രൂപയും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ 48,25,22,271 രൂപയും ബാക്കി നിൽപ്പുണ്ട്.

(സി) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽനിന്നും 24-11-2015 വരെ 23082 വായ്പകളുടെ ബാദ്ധ്യത ഒഴിവാക്കുന്നതിനായി 154,79,28,156 രൂപ ചെലവഴിക്കുകയുണ്ടായി.

(ഡി) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് ആരംഭിച്ച വർഷം മുതൽ ഇതുവരെയുള്ള പ്രവർത്തന ചെലവ് വർഷം തിരിച്ച് ചുവടെ പരാമർശിച്ചിരിക്കുന്നു :

| വർഷം | പ്രവർത്തന ചെലവ് (രൂപ) |
|---|---|
| 2000-01 | 21,806 |
| 2001-02 | 43,881 |
| 2002-03 | 50,049 |
| 2003-04 | 3,46,005 |
| 2004-05 | 5,58,196 |
| 2005-06 | 6,35,590 |
| 2006-07 | 3,06,699 |
| 2007-08 | 14,83,298 |
| 2008-09 | 15,66,938 |
| 2009-10 | 19,10,010 |
| 2010-11 | 25,33,600.58 |
| 2011-12 | 45,80,785 |
| 2012-13 | 58,31,479 |
| 2013-14 | 82,48,851 |
| 2014-15 | 1,22,62,258 |

(ഇ) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ ഹെഡ് ആഫീസ് തിരുവനന്തപുരത്തും, റീജിയണൽ ഓഫീസ് തൃശ്ശൂരും പ്രവർത്തിക്കുന്നു. വാടകയിനത്തിൽ പ്രതിമാസം ഹെഡ് ആഫീസിന് 49,472 രൂപയും റീജിയണൽ ആഫീസിന് 20,837 രൂപയും ചെലവാകുന്നു. ആഫീസ് പ്രവർത്തനത്തിന് ഹെഡ് ആഫീസിൽ 7,62,406 രൂപയും റീജിയണൽ ആഫീസിൽ 3,56,861 രൂപയും ചെലവായിട്ടുണ്ട്.

(എഫ്) സഹകരണ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ മുഖേന ഒരു ജോയിന്റ് രജിസ്ട്രാർ സെക്രട്ടറിയായും, 2 അസിസ്റ്റന്റ് രജിസ്ട്രാർമാർ മാനേജർമാരായും ജോലി നോക്കുന്നതുൾപ്പെടെ 47 ജീവനക്കാരാണ് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ ജോലി ചെയ്യുന്നത്. ഇതിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ 2 പേരും കരാർ അടിസ്ഥാനത്തിൽ 21 പേരും ഉൾപ്പെടെ 23 പേർ താൽക്കാലിക ജീവനക്കാരാണ്.

## 'ആലില' പദ്ധതി

137 (504) ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ 'ആലില' പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി പരിപാലന പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകിക്കൊണ്ട് പരിസ്ഥിതി സംരക്ഷണത്തിനായി 5 ലക്ഷം വൃക്ഷതൈകൾ നട്ടുവളർത്തുക എന്നതാണ് 'ആലില' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. പരിസ്ഥിതി സംരക്ഷണത്തിൽ വൃക്ഷങ്ങളുടെ പ്രാധാന്യവും വൃക്ഷത്തൈ നട്ടുവളർത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും ജനങ്ങളിൽ അവബോധം ഉണ്ടാക്കുക എന്നിവയും ലക്ഷ്യങ്ങളിൽപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly